# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026




# സമഗ്ര ഗുണമേന്മാ പദ്ധതി

# ആമുഖം

2025 - 2026 അധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ സമഗ്ര-ഗുണമേന്മ ലക്ഷ്യം വെച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. അറിവ് നേടുന്നതോടൊപ്പം തന്നെ ഒരു വ്യക്തിയെ നല്ല ജീവിതം നയിക്കുന്നതിന് പ്രാപ്തനാക്കുക എന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

കുട്ടികളിൽ മാനസികോന്മേഷം ജനിപ്പിക്കുന്നതിനും കളികളിലൂടെയും വ്യായാമങ്ങളിലൂടെയും കായിക ക്ഷമത നേടുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, വായന ലഹരി, ഭവന സന്ദർശനം, ബോധവൽക്കരണ ക്ലാസുകൾ, ദിനാചരണങ്ങൾ എന്നിവ വഴി കുട്ടികളിൽ പ്രകടമായ വ്യത്യാസം കൈവരിക്കുന്നതിന് വിദ്യാലയ പ്രവർത്തനങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള അക്കാദമിക മാസ്റ്റർപ്ലാൻ സജ്ജമാക്കിയിരിക്കുന്നു. ആദ്യത്തെ രണ്ടാഴ്ച ഒന്നൊരുക്കത്തിനും സന്നദ്ധതാ പ്രവർത്തനങ്ങൾക്കും കുട്ടികളിലെ പഠനനിലവാരം വിലയിരുത്തുന്നതിനും മാത്രമായി സജ്ജീകരിച്ചിരിക്കുന്നത് ഈ വർഷത്തെ പ്രത്യേകതയാണ്.അതുവഴികുട്ടികൾ പരസ്പരം അടുത്തിടപഴകുന്നതിനും വ്യക്തിഗത ശ്രദ്ധ നൽകുന്നതിനും സാധിക്കുന്നു . ഓരോ വിദ്യാർത്ഥികൾക്കും വ്യക്തിഗത മാസ്റ്റർപ്ലാൻ തയ്യാറാക്കുക വഴി കുട്ടികളെ കൂടുതൽ അടുത്തറിയുന്നതിനും പഠന പിന്തുണ നൽകുന്നതിനും പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികൾക്ക് ലളിതമായ പ്രവർത്തങ്ങൾ നൽകിയും ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചും സാമൂഹിക ജീവിതത്തിനു ഉതകുന്നവരായി മാറ്റുന്നതിന് വിദ്യാലയ പ്രവർത്തനങ്ങൾ ലക്ഷ്യം വെക്കുന്നു.

## ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ വ്യത്യസ്ത തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിലും; സ്നേഹം, സത്യം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിൽ ഊന്നികൊണ്ടുള്ള നല്ല പഠന അന്തരീക്ഷവും, മികച്ച പഠന രീതികളും സാധ്യമാക്കുന്നു

**ലക്ഷ്യങ്ങൾ :-**

- വിദ്യാലയത്തിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നിവ വായിക്കാനും എഴുതാനും ഭാഷാ നൈപുണി സമ്പാദിക്കുന്നതിനുള്ള കഴിവ് ഉറപ്പുവരുത്തുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കു കയും ചെയ്തു.
- ഗണിതം, പരിസ്ഥിതി പഠനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യങ്ങൾ കണ്ടെത്താൻ പ്രാപ്തരാക്കുന്നു. വിഷയ ങ്ങൾ ബുദ്ധിപരമായും പ്രകൃതിയിൽ നിന്നും ആർജിച്ചെടുക്കാനും കഴിവ് നേടുന്നു. (ദിനാ
- കലാകായിക പ്രവർത്തനങ്ങളിൽ മികവ് നേടാനുള്ള പദ്ധതികൾ രൂപീകരിക്കുന്നു. ചരങ്ങൾ, ആഘോഷങ്ങൾ, മത്സരങ്ങൾ, ബാലസഭ, പി ടി എ)
- സമഗ്ര ഗുണമേന്മ
- കുട്ടികളുടെ വ്യക്തി വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സെമിനാറുകൾ, കൗൺസിലിംഗ്, കാരുണ്യപ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തന ങ്ങൾ, ഷോർട്ട് ഫിലിം പത്രനിർമ്മാണം, ഫിലിം, കഥാമാസിക, കയ്യെഴുത്തു മാസിക.
- വിദ്യാലയത്തിലെ പഠനത്തിന് സംവിധാനങ്ങളായി ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെയും അത് പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാ ക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മള മായി ബന്ധങ്ങൾ ഉണ്ടാകാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

********************

(3)

## സേക്രഡ് ഹാർട്ട് കോൺവെന്റ് എൽ.പി. സ്കൂൾ, തൃശൂർ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയ്ക്ക് ഒരു തിലകക്കുറിയെന്നപോലെ തിളങ്ങി പ്രകാശിക്കുന്ന, ദിവ്യ ജ്ഞാനത്തിന്റെ പ്രഭോധാരണി ലോകത്തിന്റെ എല്ലാ കോണുകളിലേക്കും പ്രസരിപ്പിക്കുന്ന ഒരു വിദ്യാലയകേന്ദ്രമാണ് സേക്രഡ് ഹാർട്ട് കോൺവെന്റ് എൽ.പി. സ്ക്കൂൾ. തൃശൂർ പട്ടണത്തിന്റെ ഹൃദയഭാഗത്ത്, സ്വരാജ് റൗണ്ടിന് കിഴക്ക് വശത്തായി സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം, പിന്നിട്ട 100 വർഷങ്ങളിലേക്ക് കണ്ണോടിക്കുമ്പോൾ ഏറെ അഭിമാന പുളകിതയാണ്.

19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടങ്ങളിലേക്കെത്തി നോക്കുമ്പോൾ കേരളം സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും ഒരു നവോത്ഥാന ത്തിന് ഒരുങ്ങി നിൽക്കുന്നതായി കാണാം. നവതലമുറയെ വാർത്തെടുക്കു ന്നതിൽ വിദ്യാഭ്യാസത്തിന് വലിയ പങ്ക് നിർവ്വഹിക്കാനുണ്ടെന്ന് ദീർഘ ദൃഷ്ട്യാ മനസ്സിലാക്കിയ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ അനുഗ്രഹീത കരങ്ങളാൽ രൂപപ്പെട്ട സി.എം.സി. സന്യാസിനി സഭ വിദ്യാഭ്യാസ രംഗത്ത് വെന്നിക്കൊടി പാറിച്ചുകൊണ്ട് തൃശ്ശൂരിലുമെത്തി.

ഒരു സ്ക്കൂൾ ഉണ്ടായിക്കാണണമെന്ന ആഗ്രഹത്തോടെ പെരിയ ബഹുമാന ഡോ. ജോൺ മേനാച്ചേരി പിതാവ് 1907-ൽ സ്ഥാപിച്ച തൃശൂർ രൂപതയിലെ മൂന്നാമത്തെ കന്യകാലയമാണ് സേക്രഡ് ഹാർട്ട് കോൺവെന്റ്, ഭാവിയിൽ സ്ക്കൂൾ ആക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി പണികഴിപ്പിച്ച ഈ കന്യകാലയത്തിന്റെ താഴത്തെ ഭാഗം അഡ്മിനിസ്ട്രേറ്റർ ബഹുമാന പുതുശ്ശേരി അച്ചനും ഡയറക്ടർ ശ്രീ ഡേവിസ് സായ്പും വന്നുകാണുകയും ഈ സ്ഥലം സ്ക്കൂൾ ആക്കുവാനുള്ള അനുമതി കൊടുക്കുകയും ചെയ്തു.

ഈ സ്ക്കൂൾ നിലവിൽ വരുന്നതിന് മുമ്പ് തൃശൂർ സെന്റ് തോമസ് ഹൈസ്ക്കൂളും മോഡൽ ഗേൾഡ് സ്കൂളും ഉണ്ടായിരുന്നുവെങ്കിലും

വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ കുറവായിരുന്നു. 1920 ജൂൺ 1-ന് രണ്ട് ശിശു ക്ലാസ്സുകളും 1, 2 ക്ലാസ്സുകളും ചേർന്ന് ആരംഭിച്ച സ്ക്കൂൾ, അടുത്ത വർഷം തന്നെ അപ്പർ പ്രൈമറി സ്ക്കൂളായി അപ് ഗ്രേഡ് ചെയ്തുവെന്നത് ഇതിന് തെളിവാണ്. ആദ്യം ക്രിസ്ത്യൻ സമുദായത്തിൽ നിന്നുള്ള കുട്ടിക ളാണ് അധ്യയനം നടത്തിയിരുന്നത് എങ്കിലും പിന്നീടുള്ള ചരിത്രം പരിശോ ധിക്കുമ്പോൾ നാനാജാതി മതസ്ഥർ ഇവിടെ അധ്യയനം നടത്തിയെന്നതിന് ധാരാളം തെളിവുകളുണ്ട്.

ഒന്നാം റാങ്ക് അടക്കം മികച്ച റാങ്കുകളും ഗ്രേഡുകളും 100% വിജയവും കൊണ്ട് അനുഗ്രഹീതമാണ് ഈ തിരുഹൃദയ വിദ്യാലയം. അധ്യാപകരുടെ പരിശീലന മികവും വിദ്യാർത്ഥികളുടെ കഠിനാധ്വാനവും രക്ഷിതാക്കളുടെ കരുതലുമെല്ലാം അതിനു വഴിയൊരുക്കി. എസ്എസ്എൽസി പരീക്ഷയിൽ ഒന്നാം റാങ്ക് 1994,1995,1997 വർഷങ്ങളിൽ ഇവിടെയായിരുന്നു. ഹയർ സെക്കൻഡറിയിൽ 2002ലും 2006ലും കൊമേഴ്സിലും 2005 ൽ സയൻസിലും ഒന്നാം റാങ്ക് നേടി. സംസ്ഥാനത്തെ ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള ചാക്കേരി ട്രോഫി 1980ലും 2005ലും sacred heart സ്കൂളിനായിരുന്നു. എല്ലാവർഷവും പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളും വിജയിക്കുന്ന ചരിത്രമാണ് സ്കൂളിനുള്ളത്. റാങ്ക് സംവിധാനത്തിന് പകരം ഗ്രേഡിങ് ആരംഭിച്ചതോടെ ഏറ്റവും അധികം വിദ്യാർത്ഥികൾ എല്ലാ വിഷയത്തിലും എ പ്ലസ് നേടുന്ന വിദ്യാലയം എന്ന ഖ്യാതിയും നേടി. 2018 - 19 ൽ എസ്എസ്എൽസി പരീക്ഷ എഴുതിയ 393 വിദ്യാർത്ഥികളും ജയിച്ചെന്നു മാത്രമല്ല 105 പേർ എല്ലാ വിഷയത്തിലും എ പ്ലസ് നേടി. കേന്ദ്ര സംസ്ഥാന അധ്യാപക അവാർഡുകൾ നേടിയ പ്രഗൽഭരായ പ്രധാനാധ്യാപികമാരാണ് സ്കൂളിന് നേതൃത്വം നൽകിയത്.കേന്ദ്ര അധ്യാപക അവാർഡ് നേടിയ സിസ്റ്റർ ഷീല, സിസ്റ്റർ ബെർട്ടിന,

സിസ്റ്റർ ഫെലിഷ്യൻ സംസ്ഥാന അവാർഡ് നേടിയ സിസ്റ്റർ മേഴ്സിന എന്നിവരെ വിസ്മരിക്കാൻ ആവില്ല.

ഐഎഎസ് ഓഫീസർ ആയ രേണു രാജ്,ബാഡ്മിന്റൺ താരം പിസി തുളസി, കേരള ബ്ലഡ് ഡോണേഴ്സ് ഫോറം സ്ഥാപകനായ ഫാദർ ഡോക്ടർ ഫ്രാൻസിസ് ആലപ്പാട്ട്,ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, ഗായകൻ ഫ്രാങ്കോ, നടിമാരായ രേണുക, ഇവ പവിത്രൻ തുടങ്ങിയവർ പൂർവ വിദ്യാർത്ഥികൾ ആണ്.

ആരംഭഘട്ടത്തിൽ താൽക്കാലിക ഷെഡുകളിൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിൽ 4 ഡിവിഷനുകളാണുണ്ടായിരുന്നത്. ഈ സ്കൂളിന്റെ മാനേജരായ ബഹുമാന പോൾ പറമ്പിലച്ചന്റെ കാലഘട്ടത്തിലാണ് നാലാം ഫോറം നിലവിൽ വന്നത്. ക്ലാസ് മുറികൾ പണിയുന്നതിനും മൈതാനത്തിനുമായി പുതിയ സ്ഥലം മാനേജരച്ചൻ വാങ്ങുകയും കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. 1933 ആയപ്പോഴേക്കും 3 നിലകെട്ടിടമായി ഉയർന്നു. 1941 മെയ് 26-ാം തിയതി ഉണ്ടായ ഭയങ്കര കൊടുങ്കാറ്റിൽ പഴയ ചെറിയ ഷെഡ് വീണു പോയി. 1933-ൽ പണിതീർത്ത 3 നിലകെട്ടിടം സെന്റ് മേരീസ് കോളേജിന് വിട്ടുകൊടുക്കുകയും ചെയ്തു. ഇപ്പോഴത്തെ കെട്ടിടം പ്രസ്തുത സ്ഥലത്ത് 1953-ൽ പണികഴിപ്പിച്ചു. 1955 ഫെബ്രുവരി 22-ാം തിയ്യതി പുതിയ സ്ക്കൂൾ കെട്ടിടത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനവും രക്ഷാകർത്തൃദിനവും അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ തിരുഹൃദയ വിദ്യാലയാങ്കണത്തിൽ നടത്തപ്പെട്ടു.

1961-ൽ ഹൈസ്ക്കൂൾ, എൽ.പി. വിഭാഗങ്ങൾ വേർതിരിഞ്ഞ് പ്രത്യേകം ഹെഡ്മിസ്ട്രസ്സിന്റെ കീഴിൽ സജീവമായി പ്രവർത്തനമാരംഭിച്ചു . ഇവിടെ ആദ്യമായി പ്രവേശനം നേടിയ 520 കുട്ടികളിൽ ആദ്യത്തെ

വിദ്യാർത്ഥിനി ടി.എസ്. സരസ്വതി ആയിരുന്നു എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.

അവിചാരിതമായി സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം **1963** ജൂലൈ പതിമൂന്നാം തീയതി രാത്രി 11/2 മണിക്ക് വീഴുകയുണ്ടായി. പിന്നീട് ഇത് പുതുക്കി പണിതു. **1970** ൽ ഈ വിദ്യാലയ സമുച്ചയത്തിന്റെ സുവർണ്ണ ജൂബിലി സമുചിതമായി ആഘോഷിച്ചു.

പിന്നിട്ട ചരിത്രത്താളുകൾ മറിക്കുമ്പോൾ വിജയത്തിന്റെ ജൈത്രയാത്രയുടെകഥകളാണ് അയവിറക്കാനുള്ളത്.സബ് ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും നടത്തിയ ശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ സമ്മാനങ്ങൾ വാരിക്കൂട്ടാനും അഗ്രിഗേറ്റ് ഫസ്റ്റ് സെക്കൻഡ് സ്ഥാനങ്ങൾ മാറിമാറി ലഭിക്കാനും ഇടവന്നിട്ടുണ്ട് എൽ എസ് എസ് പരീക്ഷകൾ മറ്റ് സ്കോളർഷിപ്പ് പരീക്ഷകൾ ക്വിസ് എന്നിവയിലും വിദ്യാർത്ഥികൾ മികവ് പുലർത്തുകയും ഷീൽഡുകളും സ്വർണ്ണ മെഡലുകളും നേടുകയും ചെയ്തുവരുന്നു.

**1971** ഗവൺമെന്റ് സ്കോളർഷിപ്പ് പരീക്ഷയിൽ അനിൽ രാഘവൻ എന്ന വിദ്യാർത്ഥിനിയെ സ്റ്റേറ്റ് ലെവലിൽ ഒന്നാം സ്ഥാനത്തിന് അർഹനായി. എല്ലാ വർഷങ്ങളിലും കെപിഎസ്ടിഎ സ്കോളർഷിപ്പ് പരീക്ഷയിൽ സ്വർണ്ണ മെഡലുകൾ നേടുകയുണ്ടായിട്ടുണ്ട്. **1985**ലാണ് തൃശ്ശൂർ ഈസ്റ്റ് സബ് ജില്ലയിലെ ബെസ്റ്റ് സ്കൂൾ എന്ന ബഹുമതി ആദ്യമായി ഈ സ്കൂളിന് ലഭിച്ചത്. തുടർന്ന് **91 - 92,95 - 96,2001-2002** വർഷങ്ങളിലും ഈ ബഹുമതി ലഭിക്കുകയുണ്ടായി കായികരംഗത്ത് വളരെ മികവ് പുലർത്തിയ ഈ വിദ്യാലയത്തിലെ സന്ധ്യ എന്ന കുട്ടി **1994** ൽ ജൂനിയർ ചാമ്പ്യനായി. ബാല കലോത്സവങ്ങളിൽ ആശ കെ.ഉമാദേവി എം, **2004** ൽ ലതാംഗി കൃഷ്ണൻ തുടങ്ങിയവർ തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയിലെ കലാതിലക പട്ടമണിഞ്ഞവരാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് സേക്രഡ് ഹാർഡ് സ്കൂളിന് അനിഷേധ്യ മായ ഒരു സ്ഥാനമുണ്ട്.ഈ മഹനീയ സ്ഥാനം സമാർജ്ജിക്കുവാൻ അർപ്പണ

മനോഭാവത്തോടെ കർമ്മരംഗത്തേക്ക് കടന്നുവന്ന പ്രഗത്ഭമതി കളായ പ്രധാന അധ്യാപകരും മറ്റ് സ്റ്റാഫ് അംഗങ്ങളും ത്യാഗപൂർണ്ണമായ സേവനം ഈ സ്ഥാപനത്തിന് കാഴ്ച വച്ചിട്ടുണ്ട് എക്കാലവും അഭിമാനിക്കത്തക്കവിധത്തിലുള്ള പിടിഎ എം പി ടി എ എന്നി സംഘടനകൾ ഈ സ്ഥാപനത്തിന് ഒരു മുതൽക്കൂട്ടാണ് സ്കൂളിന്റെ ആദ്യകാലങ്ങളിൽ തന്നെ പിടിഎ സജീവമായി രംഗത്തുണ്ട് ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചതും സ്കൂളിൽ സൗണ്ട് സിസ്റ്റം പുതുക്കിയതും പിടിഎയുടെ ശ്രമഫലമായിട്ടാണ് എല്ലാ ക്ലാസുകളിലും മൂന്നുതരം പത്രം വിതരണം ചെയ്യുന്നതും സ്റ്റേജ് പുനർനിർമാണത്തിനുള്ള ഫണ്ട് സ്വരൂപിച്ചതും മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷുറൻസ് ക്ലെയിം ഏർപ്പെടുത്തിയതും പിടിഎയുടെ നേട്ടങ്ങളാണ്. **1986ൽ** ആരംഭിച്ച കബ് പാക്ക്സിലെ ആൺകുട്ടികൾ ഇന്ന് സ്കൗട്ട്സും റോവേഴ്സും ആയി നേതൃസ്ഥാനംവഹിച്ചുകൊണ്ട്മുന്നേറുകയാണ്.**2005ൽ**പെൺകുട്ടികൾക്കായി **Bul Bul Wing** ഇവിടെ ആരംഭിച്ചു. **1999** ൽ മൂന്നാം നില പണിയുകയും ഓരോ സ്റ്റാൻഡേർഡും **4** ഡിവിഷനുകൾ കൂടാതെ നല്ലൊരു ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ ലാബ്, റീഡിങ് റൂം, പ്രയർ റൂം,സ്റ്റേജ് മുതലായവ ഈ വിദ്യാലയത്തിന് സ്വന്തമാണ്. ഇപ്പോൾ ആകെ **16** ഡിവിഷനുകൾ ഉണ്ട്.

ഇന്ന് ഈ വിദ്യാലയത്തിന്റെ പ്രധാനാധ്യാപികയായി സിസ്റ്റർ ലിനി തെരേസും മാനേജർ ആയി സിസ്റ്റർ റോഷ്ണിയും പ്രവർത്തിച്ചുവരുന്നു. ശ്രീ ജോസി ജോർജ് പിടിഎ പ്രസിഡണ്ട് ആയുള്ള രക്ഷാകർതൃസമിതിയും ശ്രീമതി വർഷ യുടെ നേതൃത്വത്തിലുള്ള MPTA യും സജീവമായി പ്രവർത്തിക്കുന്നു. എല്ലാവർഷവും എൽഎസ്എസ് സ്കോളർഷിപ്പിൽ നമ്മുടെ കുട്ടികൾ ഉന്നത വിജയം നേടിവരുന്നു. 62 വിദ്യാർത്ഥികൾ എൽഎസ്എസ് പരീക്ഷ എഴുതിയതിൽ 34 പേരു സ്കോളർഷിപ്പ് നേടി, സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്ക അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും നിസ്വാർത്ഥമായ കഠി പ്രയത്നം വഴി കൊറോണ കാലഘട്ടത്തിൽ മികവുറ്റ വിദ്യാഭ്യാ

ഉറപ്പുവരുത്താൻ വിദ്യാലയത്തിന് സാധിച്ചു . ഓൺലൈൻ ക്ലാസിനുവേണ്ടി 60 മൊബൈൽ ഫോണുകൾ സംഘടിപ്പിച്ച് വിദ്യാർത്ഥികൾക്ക് നൽകാൻ സാധിച്ചത് വലിയ നേട്ടമാണ്. മെഡിക്കൽ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് പണം നൽകി അവർക്ക് ഒരു സഹായഹസ്തമാകാൻ ഈ വിദ്യാലയത്തിന് കഴിയുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മാതൃഭൂമി സംഘടിപ്പിച്ചിട്ടുള്ള സീഡ് പ്രവർത്തനങ്ങളിൽ വിദ്യാലയം പ്രോത്സാഹന സമ്മാനങ്ങൾ നേടിവരുന്നു. ഈ വിദ്യാലയം നടത്തുന്ന നിരവധി കാരുണ്യ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി നല്ല പാഠം എ പ്ലസ് ഗ്രേഡിന് അർഹത നേടി. വിദ്യാലയത്തിൽ നിന്നും പങ്കെടുക്കാറുള്ള എല്ലാ ക്വിസ് മത്സരങ്ങളിലും ഒന്നാം സ്ഥാനം നിലനിർത്തുകയും അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.ശാസ്ത്രമേള. കലാമേള എന്നിവയിൽ ഓവറോൾ ഒന്നാം സ്ഥാനവും നിരന്തരമായി നേടിക്കൊണ്ടിരിക്കുന്നു. 696 വിദ്യാർത്ഥികളും 16 അധ്യാപകരും ആയ് പ്രവർത്തനങ്ങൾ മുന്നോട്ടു പോവുകയാണ്. 2022-23 അധ്യയന വർഷത്തി തൃശൂർ ഈസ്റ്റ് ഉപ ജില്ലയിലെ Best PTA അവാർഡ് ലഭിച്ചത് ഈ വിദ്യാലയത്തിന്റെ സുവർണ കിരീടത്തിനൊരു പൊൻതൂവൽ ചാർത്തി പ്രതീതി ഉളവാക്കി. സേക്രഡ് ഹാർട്ട് കോൺവെന്റ് എൽപി സ്കൂ അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് കുതിച്ചുയര തിരുഹൃദയത്തിന്റെ അനുഗ്രഹ ആശിസ്സുകളോടെ ഒരു ദീപസ്തംഭമാ എവർക്കും പ്രഭ ചൊരിയാൻ ഇനിയും ഈ വിദ്യാലയത്തിന് കഴിയട്ടെ.

**************************************

# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അക്കാദമിക മാസ്റ്റർപ്ലാൻ | മുന്നൊരുക്കം,<br>ചർച്ച പ്രവർത്തനങ്ങളുടെ രൂപരേഖ | ജൂൺ<br>to<br>മാർച്ച് | SSG<br>അധ്യാപകൻ<br>മാനേജർ<br>പി.ടി.എ | |
| 2. വിദ്യാലയ സുരക്ഷ | സുരക്ഷാസമിതി രൂപീകരണം Protection Club പ്രവർത്തനങ്ങൾ | ജൂൺ | PTA<br>അധ്യാപകൻ<br>കൗൺസിലർ<br>പോലീസ്<br>വിദ്യാർത്ഥി പ്രതിനിധി | |
| 3. ലഹരിവിരുദ്ധ സന്ദേശം | ലഘുലേഖ വിതരണം<br>വീഡിയോ പ്രദർശനം.<br>സ്കിറ്റ് | ജൂൺ | | |
| 4. സർഗാത്മക വായന | വീട്ടിലൊരു ലൈബ്രറി,<br>വായനാ പ്രതിഭ,<br>അമ്മ വായന,<br>അക്ഷരായനം,<br>ശില്പശാല,<br>ഭാഷാ പദ്ധതി(ദീപികപത്രം) | ജൂൺ | | |
| 5. ശിശുസൗഹൃദ അന്തരീക്ഷം | വിദ്യാലയ ചുമരുകൾ മോടി പിടിപ്പിക്കൽ (Forest) | ഏപ്രിൽ<br>മെയ് | പ്രധാനാധ്യാപിക | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. വിദ്യപ്രവേശ് | പ്രവേശനോത്സവം<br>ഒന്നൊരുക്കം<br>പുത്തൻ സമ്മാനങ്ങൾ<br>ദേശീയ സമ്പാദ്യ പദ്ധതി | ജൂൺ<br><br>ജൂൺ | അധ്യാപിക | |
| 7. ഹരിത വിദ്യാലയം | സുഹൃത്തിന് ഒരു തൈ<br>എന്റെ പൂന്തോട്ടം,<br>പച്ചക്കറി തോട്ടം | ജൂൺ<br>to<br>മാർച്ച് | അധ്യാപിക | |
| 8. അസംബ്ലി | അസംബ്ലി,<br>വ്യായാമ പരിശീലനം,<br>സൂംമ്പാ ഡാൻസ്, കഥ | ജൂൺ<br>to<br>മാർച്ച് | | |
| 9. LSS ഒരുക്കം | തിരഞ്ഞെടുക്കൽ<br>പ്രത്യേക പരിശീലനം | ജൂൺ<br>to<br>മാർച്ച് | അധ്യാപകർ | |
| 10. ശ്രദ്ധ | പിന്നോക്കക്കാരെ കണ്ടെത്തൽ, പിന്തുണാ പ്രവർത്തനം, കാർഡുകളി, പദകേളി | ,, | | |
| 11. പ്രത്യേക പരിഗണന | Resource Teacher എന്റെ കുട്ടി നിറം നൽകാം ദിനാചരണവേളയിൽ പങ്കാളിത്തം ക്ലാസ് തലത്തിൽ ലളിത പ്രവർത്തനം പങ്കാളിത്തം | ,, | അധ്യാപകർ<br>URC | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 12. SRG | ആഴ്ചയിൽ ഒരു ദിവസം SRG (വ്യാഴം) പുനരവലോകനം ചർച്ച | ജൂൺ to മാർച്ച് | അധ്യാപകർ | |
| 13. PTA Executive | മാസത്തിലൊരിക്കൽ വിദ്യാലയ പ്രവർത്തനങ്ങൾ ചർച്ച | ,, | | |
| 14. PTA General body | തെരഞ്ഞെടുപ്പ് ബോധവത്ക്കരണ ക്ലാസ്സ് LSS Winners ആദരം | ജൂലൈ | അധ്യാപകർ | |
| 15. Quiz | Competition | ജൂൺ to മാർച്ച് | | |
| Birthday Wishing | Birthday gift വിദ്യാലയത്തിനൊരു പുസ്തകം പച്ചക്കറി. | | ,, | |
| | Dry day<br>Silence day<br>TM Submission Monday<br>SRG Thursday<br>Class Monitoring | ആഴ്ചയിൽ ഒരു ദിവസം | ഹെഡ് മിസ്ട്രസ് | |
| | ഡോക്ടേഴ്സിനെ ആദരിക്കുന്നു. | ജൂലൈ | അധ്യാപകർ | |
| Election | School Parliment തെരഞ്ഞെടുപ്പ് ബോധവത്ക്കരണം. | ,, | | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Club | Agriculture health club, Maths Club, Science club, Social Club, വിദ്യാരംഗം, Club bul bul. | ജൂലൈ | അധ്യാപകർ | |
| ചാന്ദ്രദിനം | Video പ്രദർശനം ഉപഗ്രഹ നിർമ്മാണം Skit | ,, | അധ്യാപകർ | |
| പ്രവൃത്തി പരിചയ മേള | Craft work competitions | ആഗസ്റ്റ് | | |
| **<u>ബാലകലോത്സവം</u>** | Competitions display (Club Bulbul) | ആഗസ്റ്റ് | അധ്യാപകർ | |
| സ്വാതന്ത്ര്യദിനം | Flag Hoisting | | | |
| Ist Term Exam | Evaluation | | | |
| **Sept 5** **<u>അധ്യാപകരെ ആദരിക്കൽ</u>** | Onam Celebration ഓണസദ്യ, കാരുണ്യപ്രവൃത്തി | സെപ്റ്റംബർ | | |
| | വിലയിരുത്തൽ | | | |
| Class PTA | | | | |
| **Oct 2** | ഗാന്ധിജയന്തി Competitions പരിസര ശുചീകരണം PTA | ഒക്ടോബർ | അധ്യാപകർ | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Postal day | പോസ്റ്റാഫീസ് സന്ദർശനം ആദരിക്കൽ | ഒക്ടോബർ | അധ്യാപകർ | |
| | Field Trip | സെപ്റ്റംബർ ഒക്ടോബർ | | |
| ശാസ്ത്ര / ഗണിത ശാസ്ത്രമേള | മത്സരങ്ങൾ സ്കൂൾ തലം സബ് ജില്ലാതലം | | ടീച്ചേഴ്സ് | |
| കേരളപിറവി | റാലി<br>കേരള മങ്ക | നവംബർ | | |
| ശിശുദിനം | Competition<br>റാലി (കോർപ്പറേഷൻ) | നവംബർ | | |
| Mid term | Evaluation | | | |
| കലോത്സവം | Competition<br>സബ് ജില്ലാതലം ഒരുക്കങ്ങൾ | ഒക്ടോബർ നവംബർ | അധ്യാപകർ | |
| Evaluation | | | | |
| Christmas | ക്രിസ്തുമസ് ആഘോഷം<br>കാരുണ്യപ്രവൃത്തി<br>Class PTA | ഡിസംബർ | PTA | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Newyear | Celebration | ജനുവരി | PTA | |
| Annualday | Celebration Retirement endovement വിതരണം<br>വായന പ്രതിഭ<br>പഠനോത്സവം<br>LSS Scholarship | ഫെബ്രുവരി | അധ്യാപകർ | |
| | Evaluation<br>പഠനോത്സവം | മാർച്ച് | അധ്യാപകർ<br>PTA | |